(സി) അത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബോർഡിന്റെ കീഴിലുള്ള 4 റ്റി.എം.ആർ, സ്റ്റോറുകൾ വഴിയാണ് മീറ്ററുകൾ ഫീൽഡിലേയ്ക്ക് വിതരണം ചെയ്യുന്നത്. ഈ 4 സ്റ്റോറുകളിലുമായി ഇപ്പോൾ (1-8-2003-ലെ കണക്കനുസരിച്ച്) 2,61,366 സിംഗിൾ ഫെയ്സ് മീറ്ററുകളും 9,771 ത്രീ ഫെയ്സ് ഇലക്ട്രോണിക് മീറ്ററുകളും സ്റ്റോക്കുണ്ട്. ഡിജിറ്റൽ മീറ്ററുകൾ ഒന്നുംതന്നെ ഇപ്പോൾ സ്റ്റോക്കില്ല. 2,40,000 സിംഗിൾ ഫെയ്സ് ഇലക്ട്രോണിക് മീറ്ററുകൾക്കുള്ള ഓർഡർ, കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. ഈ ഓർഡർ പ്രകാരം ഇനി 2,20,000 സിംഗിൾ ഫെയ്സ് മീറ്ററുകൾ 6/2004-നുമുമ്പ് സപ്ലൈ ചെയ്യേണ്ടതുണ്ട്. ഡിജിറ്റൽ മീറ്ററുകൾക്ക് ഓർഡർ ഒന്നും നൽകിയിട്ടില്ല.

ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റുകൾ

5 [5336] ശ്രീ. കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
„ എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതത്തിന് മാർഗ്ഗതടസ്സം നിൽക്കുന്ന രീതിയിൽ പല റോഡുകളിലും വൈദ്യുതി പോസ്റ്റുകൾ നിൽക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നീക്കം ചെയ്ത് ഗതാഗതം സുഗമമാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി) ഗതാഗത തടസ്സം ഉണ്ടാകുന്ന രീതിയിൽ പോസ്റ്റുകൾ സ്ഥാപിക്കാറില്ല. എന്നാൽ പിന്നീട് റോഡ് വീതികൂട്ടുന്ന അവസരത്തിൽ ചിലയിടങ്ങളിൽ പോസ്റ്റ് മാർഗ്ഗ തടസ്സം ഉണ്ടാകുന്ന രീതിയിൽ നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള പോസ്റ്റുകൾ പൊതുമരാമത്ത് വകുപ്പോ അതാത് ലോക്കൽ അതോറിറ്റിയോ ആവശ്യമായ വർക്ക് ഡെപ്പോസിറ്റ് തുക അടച്ചാൽ മാറ്റി സ്ഥാപിക്കാറുണ്ട്.

പരവൂർ, ആദിച്ചനല്ലൂർ, കണ്ണനല്ലൂർ 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി

6[5340] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പരവൂർ, ആദിച്ചനല്ലൂർ, കണ്ണനല്ലൂർ 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

ചാത്തന്നൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട സബ്സ്റ്റേഷനുകൾക്കുവേണ്ടി ആദിച്ചനല്ലൂർ, കണ്ണനല്ലൂർ എന്നിവിടങ്ങളിൽ നേരത്തെ തെരഞ്ഞെടുത്ത സ്ഥലത്തെ ഭൂമി ഉപയുക്തമാക്കുന്നതിനുള്ള ചിലവ് വളരെ കൂടുതലാകുന്നതുകൊണ്ട്, പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുവാൻ നടപടിക്രമമായിട്ടുണ്ട്. പരവൂരിലെ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly